# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2866 — 07.12.2018 ലെ മറുപടി

### തൃത്താല മണ്ഡലത്തിലെ തേനാംപാറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. ടി. ബൽറാം: | കെ. കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) തൃത്താല മണ്ഡലത്തിലെ തേനാംപാറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ ഇലക്ട്രിക്കൽ പ്രവൃത്തികൾക്കായി എത്ര തുകയാണ് വകയിരുത്തിയിരിക്കുന്നത്; ഇലക്ട്രിക്കൽ പ്രവൃത്തികൾ പൂർത്തീകരിക്കാൻ ഇപ്പോൾ വകയിരുത്തിയിരിക്കുന്ന തുക മതിയാകുമോ; ഇല്ലെങ്കിൽ കൂടുതൽ തുക വകയിരുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) തേനംപാറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ ഇലക്ട്രിക്കൽ പ്രവർത്തികൾക്കായി 2012-പി.ഡബ്ല്യു.ഡി നിരക്ക് പ്രകാരം 7.5 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. ഡി.എസ്.ആർ നിരക്കിൽ എസ്റ്റിമേറ്റ് പുതുക്കേണ്ടി വരുന്ന സാഹചര്യത്തിൽ പ്രസ്തുത തുക മതിയാകുകയില്ലായെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) അനന്തര നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) ഈ പദ്ധതിയിലെ ഇലക്ട്രിക്കൽ പ്രവൃത്തികൾ ആരംഭിക്കാൻ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) 2012-പി.ഡബ്ല്യു.ഡി നിരക്ക് പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് ടെണ്ടർ ക്ഷണിച്ചതിനാൽ കരാറുകാർ ഉയർന്ന നിരക്കാണ് രേഖപ്പെടുത്തുന്നത്. ആയതിനാൽ കരാർ ഉറപ്പിക്കാൻ സാധിക്കുന്നില്ല. പ്രസ്തുത കാരണത്താൽ ഇലക്ട്രിക്കൽ പ്രവർത്തികൾ നടപ്പിലാക്കാൻ കാലതാമസം നേരിടുന്നു. |
| (സി) കാലതാമസം ഒഴിവാക്കി സമയബന്ധിതമായി ഇലക്ട്രിക്കൽ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കാമോ? | (സി) നിരക്കുകൾ പുതുക്കി ടെണ്ടർ ക്ഷണിക്കുന്ന കാര്യം ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ